

ഇടത് മതേതരസംഘടനകൾക്ക് ആഭിമുഖ്യമുള്ള കാമ്പസുകളിൽ ആ സംഘടനയിൽ പ്രവർത്തിക്കുന്നില്ല എന്നതിന്റെ പേരിൽ, ആ സംഘടനയുടെ പ്രകടനങ്ങളിൽ പങ്കെടുക്കുന്നില്ല എന്നതിന്റെ പേരിൽ, ആ സംഘടനയുടെ മെമ്പർഷിപ്പ് കൂപ്പൺ വാങ്ങുന്നില്ലയെന്നതിന്റെ പേരിൽ വിദ്യാർഥികൾ മാനസികമായും ശാരീരികമായും വ്യാപകമായി പീഡിപ്പിക്കപ്പെടുന്നു എന്നത് കേരള കാമ്പസുകളുടെ ഏറ്റവും വലിയ പ്രതിസന്ധിയാണ്. 'ഇടതുപക്ഷ ഭീകരത'യുടെ വിളനിലങ്ങളായി കേരളത്തിലെ കാമ്പസുകൾ ഇന്ന് മാറിയിരിക്കുന്നു. ഇവരുടെ കൈയിൽനിന്ന് കേരളത്തിലെ കാമ്പസുകളെ മോചിപ്പിക്കുക എന്നത് കേരളത്തിലെ കാമ്പസുകളുമായി ബന്ധപ്പെട്ട, കാമ്പസുകളുടെ ഭാവിയുമായി ബന്ധപ്പെട്ട ഏറ്റവും ഗൗരവാവഹമായ വിഷയമാണ്.

# കാമ്പസുകൾ മതേതര ഭീകരതയുടെ തരിശുനിലങ്ങൾ

■ കവർസ്റ്റോറി

സി. ദാവൂദ്

**കാമ്പസുമായി** ബന്ധപ്പെട്ട ചർച്ചകൾ പൊതുസമൂഹത്തിലോ പൊതുമാധ്യമങ്ങളിലോ വേണ്ടരീതിയിൽ ഗൗരവത്തിൽ നടക്കാറില്ല. എന്താണ് കാമ്പസുകളിൽ നടന്നുകൊണ്ടിരിക്കുന്നത്, എങ്ങനെയാണ് പുതുതലമുറ ചിന്തിച്ചുകൊണ്ടിരിക്കുന്നത്, കാമ്പസിന്റെ നിലവിലെ രാഷ്ട്രീയം എന്താണ്? ഇതൊന്നും നമ്മുടെ സമൂഹത്തിന്റെ പ്രധാന ചർച്ചയല്ല. ഇങ്ങനെയൊരു സവിശേഷമായ സാഹചര്യത്തിലാണ് കാമ്പസുമായി ബന്ധപ്പെട്ട വിഷയം സമൂഹത്തിന്റെ മുന്നിലേക്ക് എസ്.ഐ.ഒ കൊണ്ടുവരുന്നത്. പൊതുസമൂഹത്തിൽ കാമ്പസ് ചർച്ചചെയ്യപ്പെടണം എന്നത് വളരെ ശ്രദ്ധേയവും ഉയർത്തിപ്പിടിക്കേണ്ടതുമാണ്. കാമ്പസുമായി ബന്ധപ്പെട്ട ഏതൊരു ചർച്ചയിലും സാധാരണഗതിയിൽ സാംസ്കാരിക പ്രവർത്തകരോ അല്ലെങ്കിൽ മാധ്യമങ്ങളോ ഇടപെടുമ്പോൾ ആദ്യമായി വരുന്ന പ്രതികരണം കാമ്പസുകളിൽ വർഗീയത വളരുന്നു, മതമൗലികവാദം വളരുന്നു എന്ന അർഥത്തിലുള്ള ഒന്നായിരിക്കും. ഇത് സാധാരണഗതിയിൽ മതേതര എഴുത്തുകാരുടെയും സാംസ്കാരിക ചിന്തകരുടെയും മാധ്യമപ്രവർത്തകരുടെയും ഇടയിൽനിന്ന് വരുന്ന ഒരു വാദഗതിയാണ്. ഈ നാട്ടിൽ ഒരു ഇടിമിന്നൽ ഉണ്ടായി കുറച്ചാളുകൾ മരിച്ചാൽ അതിന്റെ പിന്നിൽ പാകിസ്താനിലെ ഐ.എസ്.ഐ ആണെന്ന ഒരു സാംസ്കാരിക ബോധം ഈ നാട്ടിലെ സംഘ്പരിവാറിലെ ആളുകൾക്കുണ്ട്. ഈയൊരു സാംസ്കാരിക ബോധമാണ് മതത്തിന്റെ കാര്യത്തിൽ മതേതരചിന്തകർക്കുമുള്ളത് എന്നതുകൊണ്ടാണ് ഇങ്ങനെയുള്ള അഭിപ്രായപ്രകടനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഇതിന്റെ ഏറ്റവും പ്രത്യക്ഷമായ, രസകരമായ ഒരു ഉദാഹരണം: ഈയിടെ തുർക്കിയിലെ പ്രശസ്ത എഴുത്തുകാരനായ ഓർഹാൻ പാമുക്കിന് അവാർഡ് കിട്ടിയപ്പോൾ *മാതൃഭൂമി* പത്രത്തിൽ മതേതര ഇടതുപക്ഷ സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തകനായ പി. ഗോവിന്ദപ്പിള്ള ഒരു ലേഖനമെഴുതി. ചിരിക്കാൻ ഒരുപാട് വകയുള്ള ലേഖനമാണത്. നമുക്കെല്ലാം അറിയാം, ഓർഹാൻ പാമുക് തുർക്കിയിലെ ഏറ്റവും പീഡിപ്പിക്കപ്പെട്ട ഒരു എഴുത്തുകാരനാണ്. തുർക്കിയിൽ അദ്ദേഹത്തി

ന് ഒരുപാട് വിലക്കുകളുണ്ട്. ഇങ്ങനെ ഓർഹാൻ പാമുക്കിന്റെ വിശേഷങ്ങളെല്ലാം എഴുതിയിട്ട് ഗോവിന്ദപ്പിള്ള സാർ എഴുതിയിരിക്കുന്നു; തുർക്കിയിലെ മതമൗലികവാദികൾ ഇദ്ദേഹത്തെ അനങ്ങാൻ വിടുന്നില്ല, അദ്ദേഹത്തെ കുച്ചുവിലങ്ങിട്ടിരിക്കുകയാണ്, അതുകൊണ്ട് ഇവരെയൊക്കെ ശരിപ്പെടുത്തണം എന്ന്.

യഥാർഥത്തിൽ എന്താണ് തുർക്കിയിലെ അവസ്ഥയെന്ന് നമുക്കെല്ലാവർക്കുമറിയാം. ഓർഹാൻ പാമുക് പീഡിപ്പിക്കപ്പെട്ടതും തടവിലാക്കപ്പെട്ടതും തുർക്കിയിലെ ഏതെങ്കിലും ഇസ്‌ലാമിസ്റ്റുകളായ, അല്ലെങ്കിൽ ഇസ്‌ലാമിക സംഘടനയിൽ പെട്ട ആളുകളാലല്ല. ഇന്ന് ലോകത്ത് നിലനിൽക്കുന്ന ഏറ്റവും വലിയ സെക്യുലർ രാജ്യമാണ് തുർക്കി. അവിടെ പൊതുസ്ഥലത്ത് മക്കനയിടാൻ പാടില്ല. 99 ശതമാനം മുസ്‌ലിംകൾ താമസിക്കുന്ന തുർക്കിയിൽ അറബിയിൽ ബാങ്ക് വിളിക്കാൻ പാടില്ല. അവിടെയുള്ള ഇസ്‌ലാമിക കക്ഷിയുടെ വനിതാ എം.പിമാർക്ക് എം.പി സ്ഥാനം നഷ്ടപ്പെടുന്നത് പാർലമെന്റിൽ തട്ടമിട്ടതുകൊണ്ടാണ്. അങ്ങനെ 'സെക്യുലർ ഭീകരത' എല്ലാവിധ അധികാരങ്ങളും സൈനിക ശക്തിയുമുപയോഗിച്ച് അടിച്ചേൽപ്പിക്കുന്ന ഒരു രാജ്യവും ആ രാജ്യത്തിന്റെ നിയമകൂടവുമാണ് ഓർഹാൻ പാമുക്കിനെ പീഡിപ്പിച്ചത്. പീഡിപ്പിച്ചതിന്റെ കാരണമന്വേഷിക്കുന്നതും രസകരമാണ്. തുർക്കി ദേശീയവാദികൾ ക്രിസ്ത്യാനികളായ അർമീനിയൻ വംശജരെ കൂട്ടക്കൊല ചെയ്തു. ഈ കൂട്ടക്കൊലയെക്കുറിച്ച് സംസാരിക്കുന്നത് തുർക്കിയിൽ നിയമവിരുദ്ധമാണ്. അതിനെക്കുറിച്ച് സംശയം ജനിപ്പിക്കുന്ന രീതിയിൽ സംസാരിക്കാൻ പോലും പാടില്ല. സംസാരിച്ചാൽ അയാൾ തടവിലാക്കപ്പെടും. (ഹോളോകാസ്റ്റിനെക്കുറിച്ച് സംശയമുന്നയിച്ച് സംസാരിക്കുന്നത് ഇന്ന് പല യൂറോപ്യൻ പരിഷ്കൃത രാജ്യങ്ങളിലും ക്രിമിനൽ കുറ്റമാണ്) അങ്ങനെ തടവിലാക്കപ്പെട്ട, അതിനു വേണ്ടി രാജ്യം വിടേണ്ടിവന്നയാളാണ് ഓർഹാൻ പാമുക്. മതേതര ദേശീയവാദികളുടെ ഇരയായി പീഡിപ്പിക്കപ്പെട്ടയാൾ. അദ്ദേഹത്തിന് അവിടെയുള്ള ഇസ്‌ലാമിക പ്രസ്ഥാനവുമായി യാതൊരു ബന്ധവുമില്ല എന്നതാണ്. അദ്ദേഹം രാഷ്ട്രീയത്തിലും സമൂഹത്തിലും ഇടപെടുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ നിശിതമായി വിമർശിക്കുന്നയാളാണ്. പക്ഷേ ഇസ്‌ലാമിക പ്രസ്ഥാനത്തിന് അദ്ദേഹത്തിനോടൊരു കടപ്പാടുണ്ട്; തീവ്ര ഇടതുപക്ഷത്തുള്ളവർ എങ്ങനെ ഇസ്‌ലാമിക പ്രവർത്തകരായി എന്നതാണ് അദ്ദേഹത്തിന്റെ പല രചനകളുടെയും പ്രമേയം, ഒരു പബ്ലിക് റിലേഷൻ കടപ്പാട്.

പറഞ്ഞുവരുന്നത്, നമ്മുടെ മതേതര ചിന്താമണ്ഡലത്തിന്റെയും ചിന്തകന്മാരുടെയും പ്രശ്നം, മതത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, നമ്മൾ നേരത്തേ ബി.ജെ.പിക്കുണ്ടായിരുന്നെന്ന് പറഞ്ഞ സ്ഥലജലഭ്രമം അവർക്കും സംഭവിക്കുകയാണ് എന്നാണ്. അതുകൊണ്ടാണ് കാമ്പസുകളെക്കുറിച്ച് സംസാരിക്കുമ്പോൾ ഏതൊരു സാംസ്കാരികപ്രവർത്തകനും ആദ്യം തന്നെ വർഗീയതയെക്കുറിച്ചും മതമൗലികവാദത്തെക്കുറിച്ചും സംസാരിക്കുന്നത്.

കേരളത്തിലെ കാമ്പസുകൾ എടുത്തുനോക്കിയാൽ ഏതെങ്കിലും ഒരു മുസ്‌ലിം ഭൂരിപക്ഷ കാമ്പസിൽ ഒരു ഹിന്ദുകുട്ടി അവൻ/അവൾ ഹിന്ദുവായിരുന്നതിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടതായി കാണാൻ കഴിയില്ല. അതല്ലെങ്കിൽ ഒരു ഹിന്ദുഭൂരിപക്ഷ കാമ്പസിൽ മുസ്‌ലിമായതിന്റെ പേരിൽ പീഡിപ്പിക്കപ്പെട്ടതായി അല്ലെങ്കിൽ പൊട്ടു തൊടാൻ നിർബന്ധിക്കപ്പെട്ടതായി കാണാൻ കഴിയില്ല. അങ്ങനെ ഒരു പ്രവണത നമ്മുടെ കാമ്പസുകളിലില്ല. പക്ഷേ നമ്മുടെ ഇടത് മതേതര സംഘടനകൾക്ക് ആഭിമുഖ്യമുള്ള കാമ്പസുകളിൽ ആ സംഘടനയിൽ പ്രവർത്തിക്കുന്നില്ല എന്നതിന്റെ പേരിൽ, ആ സംഘടനയുടെ പ്രകടനങ്ങളിൽ പങ്കെടുക്കുന്നില്ല എന്നതിന്റെ പേരിൽ, ആ സംഘടനയുടെ മെമ്പർഷിപ്പ് കൂപ്പൺ വാങ്ങുന്നില്ലയെന്നതിന്റെ പേരിൽ വിദ്യാർഥികൾ മാനസികമായും ശാരീരികമായും വ്യാപകമായി പീഡിപ്പിക്കപ്പെടുന്നു എന്നത് കേരള കാമ്പസുകളുടെ ഏറ്റവും വലിയ പ്രതിസന്ധിയാണ്. 'ഇടതുപക്ഷ ഭീകരത' യുടെ വിളനിലങ്ങളായി കേരളത്തിലെ കാമ്പസുകൾ ഇന്ന് മാറിയിരിക്കുന്നു. ഇവരുടെ കൈയിൽനിന്ന് കേരളത്തിലെ കാമ്പസുകളെ മോചിപ്പിക്കുക എന്നത് കേരളത്തിലെ കാമ്പസുകളുമായി ബന്ധപ്പെട്ട, കാമ്പസുകളുടെ ഭാവിയുമായി ബന്ധപ്പെട്ട ഏറ്റവും ഗൗരവാവഹമായ വിഷയമാണ്.

ഇവരുടെ സംസ്ഥാന സമ്മേളനം ഈയടുത്ത് പെരിന്തൽമണ്ണയിൽ നടക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട മൂന്ന് പത്രസമ്മേളനങ്ങൾ ശ്രദ്ധിച്ചു. ഈ മൂന്ന് പത്രസമ്മേളനങ്ങളിലും അവർ ആവർത്തിച്ചു പറഞ്ഞ കാര്യം മതമൗലികവാദ സംഘടനകളെ കാമ്പസുകളിൽ ചെറുക്കും എന്നതാണ്. ഞാനൊരു മതമൗലികവാദ സംഘടനയുടെ പ്രതിനിധിയാണ്. മതത്തിന്റെ മൗലികതകളിൽനിന്നുകൊണ്ട് വിമോചനത്തെപ്പറ്റി ആലോചിക്കുകയും സ്വപ്നം കാണുകയും ചെയ്യുന്ന, മതത്തിന്റെ മൗലികതകളിൽനിന്നുകൊണ്ട് എങ്ങനെ പുതിയൊരു ലോകം പിറക്കുമെന്ന് ആലോചിക്കുന്ന ഒരു പ്രസ്ഥാനത്തിന്റെ പ്രവർത്തകൻ. മതേതരത്വത്തെക്കുറിച്ച് നാം ഓർക്കേണ്ട കാര്യം, മതം അതിന്റെ എല്ലാ വിമോചനമൂല്യങ്ങളും കൈവെടിഞ്ഞ്, കൃത്യമായി പറഞ്ഞാൽ യൂറോപ്യൻ ചർച്ച് അതിന്റെ വിമോചന മൂല്യങ്ങൾ കൈവെടിഞ്ഞ് വലിയൊരു മർദക സ്ഥാപനമായി മാറിയ ഘട്ടത്തിൽ, അതിന്റെ മർദനോപാധികൾക്കെതിരെ/ മർദനസംസ്കാരത്തിനെതിരെ മനുഷ്യവിമോചനത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും ഒരു കാലഘട്ടത്തിലെ വിമോചന സ്വരമാണ്/ പുരോഗമന സ്വരമാണ് മതേതരത്വം. പക്ഷേ ഇതിനെ ഒരു നിത്യഹരിത സത്യമായി മനസ്സിലാക്കുന്ന സൈദ്ധാന്തിക പൂജയിൽ നമ്മിൽ പലരുമെത്തി എന്നതാണ് വലിയൊരു പ്രതിസന്ധി. ജീവിതത്തിന്റെ ഒരു മേഖലയിലും മതം ഇടപെടരുതെന്ന് പറയുന്ന തരത്തിൽ മതേതരത്വം ഒരു അന്ധവിശ്വാസമായി മാറുകയും ചെയ്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

ഇന്ന് നിലനിൽക്കുന്ന ഏറ്റവും വലിയ സാമൂഹിക അന്ധവിശ്വാസം ഏതാണെന്ന് ചോദിച്ചാൽ മതേതരത്വം എന്നാണ് നമ്മുടെ മറുപടി. മനുഷ്യന്റെ ജീവിതത്തിൽ മതത്തിന് സ്ഥാനമില്ല; സാമൂഹിക തീരുമാനങ്ങളിൽ, സമൂഹിക ബന്ധങ്ങളിൽ രാഷ്ട്രീയ ഉണർവുകളിൽ മതം ഇടപെടേണ്ട എന്ന അന്ധവിശ്വാസം നമ്മുടെ സാംസ്കാരിക ലോകത്ത് ഏറ്റവും വ്യാപിച്ച അന്ധവിശ്വാസമാണ്. ഈ അന്ധവിശ്വാസത്തിന്റെ അടിവേര് അതിന്റെ അംശത്തിലും ദേശത്തിലും നിരാകരിക്കുന്ന ഒരു പ്രസ്ഥാനമാണ് എസ്.ഐ.ഒ. വ്യക്തിജീവിതത്തിലും കുടുംബ ജീവിതത്തിലും സാമൂഹികജീവിതത്തിലും അങ്ങനെ ജീവിതത്തിന്റെ എല്ലാ നിർണായക മേഖലകളിലും ഇടപെടുന്ന സാമൂഹിക ഊർജപ്രവാഹത്തിന്റെ പേരാണ് (kinetic social) മതം എന്ന് ഈ പ്രസ്ഥാനം വിശ്വസിക്കുന്നു. മതം ഇങ്ങനെ ഇടപെടരുതെന്ന് അഭിപ്രായപ്പെടുന്ന ഒരു മതേതര സൈദ്ധാന്തിക സംഘടനക്ക് നമ്മുടെ കാമ്പസുകളിൽ പ്രവർത്തിക്കാൻ അവകാശമുണ്ട്, ഇതേ അവകാശം മതത്തിന് ഇങ്ങനെ ഇടപെടാൻ അവകാശമുണ്ട്, അങ്ങനെ ഇടപെടുന്നതിനാണ് മതം എന്ന് പറയുന്നത് എന്ന് വിശ്വസിക്കുന്ന പ്രസ്ഥാനത്തിനും കാമ്പസുകളിൽ ഉണ്ടായിരിക്കണം. ഇത് ഇവിടെ നിഷേധിക്കപ്പെടരുത്. 'കാമ്പസുകളിൽ ഞങ്ങൾ മതി, നിങ്ങൾ മതത്തിന്റെ ആളുകളാണ്, അതുകൊണ്ട് നിങ്ങൾ ഇവിടെ



**'കാമ്പസുകളിൽ ഞങ്ങൾ മതി, നിങ്ങൾ മതത്തിന്റെ ആളുകളാണ്, അതുകൊണ്ട് നിങ്ങൾ ഇവിടെ വേണ്ട'. ഈ വാദം വികസിച്ച് തങ്ങളുടെ വർഗസഹോദരങ്ങളെ കൈകാര്യം ചെയ്യുന്നതിലേക്ക് ഈ മതേതര ഭീകരത വളർന്നിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കുക, നന്നേ ചുരുങ്ങിയത് ഒരു സാംസ്കാരിക പ്രശ്നമായി ഉയർത്തിപ്പിടിക്കുക എന്നത് നമ്മുടെ വർത്തമാനകാല സാഹചര്യം ആവശ്യപ്പെടുന്ന ഒരടിയന്തര കർത്തവ്യമാണ്. ഇത് കേരളീയ സമൂഹം അനുഭവിക്കുന്ന, കേരളീയ കാമ്പസുകൾ അഭിമുഖീകരിക്കുന്ന ഒരു സാംസ്കാരിക പ്രശ്നമാണ്. ഈ പ്രശ്നത്തെ നെഞ്ച് വിരിച്ച് അഭിമുഖീകരിക്കുക എന്നത്, സൈദ്ധാന്തികമായും പ്രായോഗികമായും അഭിമുഖീകരിക്കുക എന്നത് നമ്മുടെ ഏറ്റെടുത്ത പിന്മടക്കമില്ലാത്ത അജണ്ടയാകണം.**

വേണ്ട'. ഈ വാദം വികസിച്ച് തങ്ങളുടെ വർഗസഹോദരങ്ങളെ കൈകാര്യം ചെയ്യുന്നതിലേക്ക് ഈ മതേതര ഭീകരത വളർന്നിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കുക, നന്നേ ചുരുങ്ങിയത് ഒരു സാംസ്കാരിക പ്രശ്നമായി ഉയർത്തിപ്പിടിക്കുക എന്നത് നമ്മുടെ വർത്തമാനകാല സാഹചര്യം ആവശ്യപ്പെടുന്ന ഒരടിയന്തര കർത്തവ്യമാണ്. ഇത് കേരളീയ സമൂഹം അനുഭവിക്കുന്ന, കേരളീയ കാമ്പസുകൾ അഭിമുഖീകരിക്കുന്ന ഒരു സാംസ്കാരിക പ്രശ്നമാണ്. ഈ പ്രശ്നത്തെ നെഞ്ച് വിരിച്ച് അഭിമുഖീകരിക്കുക എന്നത്, സൈദ്ധാന്തികമായും പ്രായോഗികമായും അഭിമുഖീകരിക്കുക എന്നത് എസ്.ഐ.ഒ ഏറ്റെടുത്ത പിന്മടക്കമില്ലാത്ത അജണ്ടയാണ്.

ഈ ഇടതു-മതേതര ഭീകരത കാമ്പസുകളെ വരിഞ്ഞുമുറുക്കുമ്പോൾ അതിനെതിരെയുള്ള പ്രതികരണം എന്ന നിലക്ക് ഉയർന്നുവരുന്ന പ്രവണതകളും പരിശോധിക്കപ്പെടേണ്ടതുണ്ട്. മതത്തിന്റെ പേരിൽ മതകീയ വിചാരങ്ങളുടെയോ മതകീയ സംസ്കാരങ്ങളുടെയോ പേരിലല്ലാതെ മതകീയ വികാരത്തിന്റെ പേരിൽ സംഘടിപ്പിക്കുന്ന പ്രവണതയാണത്. ഇതു രണ്ടിനെയും നമ്മൾ ഒരേ രീതിയിലാണ് കാണുന്നത്. കാമ്പസിന്റെ സർഗാത്മകതയെ നശിപ്പിക്കുന്ന, മുന്നോട്ട് പോക്കിനെ തടസ്സപ്പെടുത്തുന്ന പ്രവണതയാണിതും.

എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത്? ഒരു വലിയ സാമൂഹിക വിപ്ലവദർശനം സ്വപ്നം കണ്ട ഇടതുപക്ഷത്തിന്റെ പുതിയ തലമുറ എന്തുകൊണ്ട് ഇങ്ങനെയായിത്തീർന്നു? റിപ്പോർട്ട് ചെയ്യപ്പെടുന്ന റാഗിംഗ് കേസുകളിലെല്ലാം ഒരു സോഷ്യലിസ്റ്റ് മുദ്ര എന്തുകൊണ്ട് വന്നുചേരുന്നു? തെരുവുഗുണ്ടകളുടെ രീതിയിൽ രാഷ്ട്രീയ പ്രവർത്തനം ആയിത്തീർന്നതെന്ത് എന്നത് വലിയൊരു സാമൂഹിക പ്രശ്നമാണ്. ഈയടുത്ത് പുരോഗമന കലാ സാഹിത്യസംഘം സംസ്ഥാന സമ്മേളനത്തിന്റെ മുന്നോടിയായി അതിന്റെ ഒരു നേതാവുമായിട്ടുള്ള അഭിമുഖം വായിക്കാനിടയായി. ഇടതുപക്ഷം സ്ഥൂലരാഷ്ട്രീയത്തിൽ പരിമിതപ്പെട്ടുപോകുന്നു, മനുഷ്യന്റെ സൂക്ഷ്മ സാംസ്കാരിക പ്രശ്നങ്ങളിൽ ഇടപെടുന്നതിൽ ഇടതുപക്ഷം പരാജയപ്പെടുന്നു, ഇത്തരം പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നത് മതമൗലികവാദികളാണ് എന്നൊക്കെ അദ്ദേഹം ആ അഭിമുഖത്തിൽ സങ്കടം പറയുന്നുണ്ട്. സാംസ്കാരികപ്രശ്നങ്ങളിൽനിന്ന് ഇടതുപക്ഷത്തിന്റെ കൈ എന്തുകൊണ്ട് പിൻവലിയുന്നു എന്നത് ആത്മപരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

സാംസ്കാരികമായ ഉള്ളടക്കം ഇല്ലാത്തതുകൊണ്ടാണ് സാംസ്കാരിക രംഗത്തുനിന്ന് പിൻവലിയേണ്ടിവരുന്നത്. മതേതരത്വത്തെ സംബന്ധിച്ചേടത്തോളം അത് ഇന്ന് അനുഭവിക്കേണ്ടിവരുന്ന ഏറ്റവും വലിയ പ്രതിസന്ധി ആത്മീയവും സാംസ്കാരികവുമായ ഉള്ളടക്കം അതിന് നഷ്ടപ്പെട്ടിരിക്കുന്നു എന്നതാണ്. ആത്മീയവും സാംസ്കാരികവുമായ ഉള്ളടക്കം നഷ്ടപ്പെടുമ്പോഴാണ് സ്റ്റാലിൻ ഉണ്ടാകുന്നത്, പോൾപോൾട്ട് ഉണ്ടാകുന്നത്, അത്താതുർക്ക് ഉണ്ടാകുന്നത്. ഈ സാംസ്കാരികമായ ഉള്ളടക്കം എങ്ങനെ തിരിച്ചുപിടിക്കാം എന്നത് ഇടതുപക്ഷം ഗൗരവമായി ചിന്തിക്കേണ്ടതാണ്. അതിനു വേണ്ട അന്വേഷണങ്ങളും സംവാദങ്ങളും എവിടെയും സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. സാംസ്കാരികമായ ഉള്ളടക്കം നഷ്ടപ്പെടുമ്പോഴാണ് ഇവരുടെ വിദ്യാർഥിവിഭാഗം മസിൽ പവറിലേക്ക് തിരിയുന്നത്. മസിൽ പവറുകൊണ്ട് സാംസ്കാരിക മാറ്റം, രാഷ്ട്രീയ മാറ്റം ഉണ്ടാക്കാൻ കഴിയുമെന്നുള്ള കാഴ്ചപ്പാടിലും വലിയ വിഡ്ഢിത്തം വേറെയില്ല. അടിസ്ഥാനപരമായി നാം പ്രവർത്തിക്കുന്നത് മനുഷ്യന്റെ പുരോഗതിക്കു വേണ്ടിയാണ്, സാമൂഹികമായ മാറ്റത്തിനും ഉന്നമനത്തിനും വേണ്ടിയാണ്, നമ്മുടെ തന്നെ വ്യക്തിപരമായ മാറ്റത്തിനു വേണ്ടിയാണ്. ഇത് മസിൽ പവറു കൊണ്ട് നേടിയെടുക്കാൻ കഴിയും എന്ന് വലിയ ദർശനത്തിന്റെ പിൻബലമുള്ള ഒരു സംഘടന വിശ്വസിക്കുമ്പോൾ, അത്രക്ക് ചെറുതായിപ്പോയല്ലോ ചിന്തകൾ എന്നാണ് ആലോചിക്കേണ്ടത്. സാംസ്കാരികമായ ഉള്ളടക്കത്തിലൂടെ, തിരിച്ചറിവുകളിലൂടെ കാമ്പസുകളിൽ പുതിയ സർഗാത്മക വസന്തം സൃഷ്ടിക്കാൻ കഴിയും എന്ന് നമ്മൾ വിശ്വസിക്കുന്നു. നമ്മുടെ പ്രവർത്തന അനുഭവങ്ങൾ സത്യമായും ഈ രംഗത്ത് നമുക്ക് കനത്ത ആത്മവിശ്വാസം നൽകുന്നുണ്ട്. ഈ ആത്മവിശ്വാസം ഇനിയും ഇനിയും മുന്നോട്ടുപോകാൻ നമ്മെ പ്രേരിപ്പിക്കുകയാണ്. സാംസ്കാരികവും ആത്മീയവും രാഷ്ട്രീയവുമായ ഉണർവുകളിലൂടെ, തിരിച്ചറിവുകളിലൂടെ കാമ്പസിന് ഇനിയും ഭാവിയുണ്ട് എന്നു തന്നെയാണ് നമ്മുടെ വിശ്വാസം. ■

*(എസ്.ഐ.ഒ മലപ്പുറം ഈസ്റ്റ് ജില്ലാ കമ്മിറ്റി 'മതവർഗീയത, മതേതര ഭീകരത, കാമ്പസ്' എന്ന വിഷയത്തിൽ പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ച സംവാദത്തിൽ നടത്തിയ പ്രഭാഷണം. തയാറാക്കിയത്: ഉബൈദ് പാനായിക്കുളം).*